"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.778/2026/GEDN തീയതി, തിരുവനന്തപുരം, 27-01-2026

പരാമർശം:-

1. എസ്.എൻ. ട്രസ്റ്റ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 21/02/2024-ലെ ഇ3-5/2023 നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14/08/2024-ലെ DEOTVM/1035/2024-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/08/2024, 30/11/2025 എന്നീ തീയതികളിലെ ഡിജിഇ/12777/2024-ഇറ്റി4 നമ്പർ കത്തുകൾ.

**ഉത്തരവ്**

എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച് മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 23/08/2024 -ന് കേൾക്കുകയുണ്ടായി.

2. **ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ:-**

എസ്.എൻ ട്രസ്റ്റ് കേർപ്പറേറ്റ് മാനേജ് മെന്റിനു കീഴിലുള്ള സ്കൂളുകളിൽ വ്യവസ്ഥാപിതമായ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും യഥാർത്ഥ വസ്തുതകൾ പരിശോധിക്കാതെ നിയമനാംഗീകാര പ്രൊപ്പോസലുകൾ അകാരണമായി നിരസിക്കുന്ന പ്രവണത അധികരിച്ചു നിൽക്കുന്ന നടപടികളാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ചു വരുന്നത്. 2022 മുതൽ നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടിയുണ്ടാകണമെന്നഭ്യർത്ഥിച്ചു നൽകിയ കത്ത് അടിസ്ഥാനമാക്കിയാണ് ഈ ഹിയറിംഗ് നടത്തുന്നത്.

ഇതേ മാനേജ്മെന്റിനു കീഴിലെ ചെമ്പഴന്തി എസ്.എൻ. ജി.എച്ച്.എസ്.എസിൽ 15.07.2021 മുതൽ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 43 പ്രകാരം അവകാശിയായ ശ്രീമതി. ശ്രീവിദ്യ.സി.വി. -യെ എഫ്.ടി.എം.(ഫുൾ ടൈം മീനിയൽ) തസ്തികയിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി യു.പി.എസ്.ടി. ആയി നിയമിക്കുകയും പ്രസ്തുത നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ET4/236480/2022 തീയതി 25.09.2023 പ്രകാരം അംഗീകരിക്കാൻ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്

നിർദ്ദേശം നൽകുകയും ഉത്തരവ് നമ്പർ B4/125191/2022 തീയതി 26.10.2023 പ്രകാരം തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ശ്രീമതി സി.വി. ശ്രീവിദ്യയെ ഇതേ മാനേജ്മെന്റിനു കീഴിൽ നാട്ടിക എസ്.എൻ.ടി.എച്ച്.എസ്.എസ്സിലുണ്ടായ എച്ച്.എസ്.ടി. നാച്ചുറൽ സയൻസ് തസ്തികയിൽ 01.08.2022 മുതൽ ശ്രീമതി. സിസ്റ്റു ഭാസ്കറിന്റെ സ്ഥലംമാറ്റം മൂലമുണ്ടായ ഒഴിവിൽ സ്ഥാനക്കയറ്റം നൽകി ശ്രീമതി. സി.വി. ശ്രീവിദ്യയെ നിയമിച്ചത് ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 10.05.2018 -ലെ 1750/2018 നമ്പർ ഉത്തരവിൽ അദ്ധ്യാപക ജോലിയ്ക്ക് യോഗ്യത നേടിയ 31.03.2012 -ന് മുൻപ് നിയമനാംഗീകാരം ലഭിച്ച അനദ്ധ്യാപകരിൽ പാർട്ടൈം മീനിയൽ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ നിയമന പ്രൊപ്പോസൽ മടക്കി നൽകിയിരുന്നു. 31.03.2012 -ന് മുൻപ് നിയമനാംഗീകാരം ലഭിച്ച അനദ്ധ്യാപകരിൽ പാർട്ടൈം മീനിയൽ വിഭാഗത്തെ കൂടി ഉൾപ്പെടുത്തി കെ.ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ച് ശ്രീമതി. ശ്രീവിദ്യ.സി.വി.-യുടെ പ്രൊമോഷൻ അംഗീകാരം ലഭിക്കാൻ ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. ശ്രീവിദ്യ മാനേജർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി. സി.വി. ശ്രീവിദ്യയുടെ സ്ഥാനക്കയറ്റ ഒഴിവിൽ യു.പി.എസ്.ടി. ആയി നിയമിച്ച റൂൾ 51 എ അവകാശിയായ ശ്രീമതി. അശ്വതി നടരാജന്റെ 22.08.2022 മുതൽ 31.01.2023 വരെയും 01.02.2023 മുതൽ ഇതേ തസ്തികയിൽ അശ്വതി നടരാജനെ സർക്കാരിന്റെ 21.01.2023 -ലെ ജെ2/196/2021 പ്രകാരം തസ്തിക നഷ്ടപ്പെട്ട ഇംഗ്ലീഷ് ഒഴിവിൽ പുനർ നിയമിച്ചതു മൂലം ഉണ്ടായ ഒഴിവിൽ നിയമിച്ച ശ്രീമതി. സിനി.എസ്സിന്റെ നിയമനാംഗീകാരവും തസ്തിക വ്യവസ്ഥാപിതമായിരുന്നിട്ടും ഫുൾടൈം മീനിയലിനെ അനദ്ധ്യാപക തസ്തിക നിയമനത്തിന് കെ.ടെറ്റ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാകാത്തതിനാൽ തടയപ്പെട്ടിരിക്കുകയാണ്. ശ്രീമതി. സി.വി.ശ്രീവിദ്യയുടെ ഹൈസ്കൂൾ തസ്തിക അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത ഒഴിവിൽ നിയമിതയായ അശ്വതി നടരാജനും ശ്രീമതി. സിനി.എസ്സിനും അംഗീകാരം ലഭിക്കുകയുള്ളൂ. ആയതിനാൽ ശ്രീമതി. സി.വി. ശ്രീവിദ്യയുടെ പാർട്ട് ടൈം മീനിയൽ തസ്തിക കൂടി കെ.ടെറ്റ് ഒഴിവാക്കുന്നതിൽ ഉൾപ്പെടുത്തി ഹൈസ്കൂൾ നിയമനം അംഗീകരിക്കാൻ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി. സി.വി. ശ്രീവിദ്യയ്ക്ക് 23.01.2006 മുതൽ പാർട്ട് ടൈം അനദ്ധ്യാപക തസ്തികയിൽ അംഗീകരിച്ച സർവ്വീസ് ഉള്ളതും കെ.ടെറ്റ് കാറ്റഗറി II 01.06.2022 -ൽ പാസായിട്ടുള്ളതുമാണ്.

3. <u>ശ്രീമതി ശ്രീവിദ്യ സി.വി. യുടെ വാദങ്ങൾ:-</u>

എനിക്ക് എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മെഴുവേലി ടീച്ചർ ട്രെയിനിംഗ് സ്കൂളിൽ 23/01/2006 മുതൽ പാർട്ട് ടൈം മീനിയൽ ആയി നിയമനം ലഭിച്ച് അംഗീകാരം കിട്ടിയിട്ടുണ്ട്. മേൽ പ്രകാരം സർവ്വീസിൽ തുടരവെ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഡിഗ്രിയും, എം.ജി യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എഡും പാസായ പ്രകാരം കെ.ഇ.ആർ ചാപ്റ്റർ XIV A ചട്ടം 43 പ്രകാരമുള്ള അവകാശം പരിഗണിച്ച് 15/07/2021 മുതൽ യു.പി.എസ്.ടി ആയി പ്രമോഷൻ ലഭിച്ചതിനും അംഗീകാരം കിട്ടി. എന്റെ ഹൈസ്കൂൾ അധ്യാപിക നിയമനത്തിനുള്ള യോഗ്യത പരിഗണിച്ച് 01/08/2022 മുതൽ എച്ച്.എസ്.ടി ആയി പ്രൊമോഷൻ നൽകി ചാവക്കാട് ഡി.ഇ.ഒ -യുടെ പരിധിയിൽപ്പെട്ട നാട്ടിക എസ്.എൻ ട്രസ്റ്റ് സ്കൂളിൽ നിയമനം ലഭിച്ചതിന്

അംഗീകാരം നൽകുന്നതിന് ഡി.ഇ.ഒ തടസ്സവാദം ഉന്നയിച്ചിരിക്കുന്നു.

09/03/2018 -ലെ ജെ3/1866829/27 നമ്പർ സർക്കാർ പരിപത്രം പ്രകാരം 31/03/2012 -ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ / എയ്ഡഡ് അധ്യാപകർക്കും, അനധ്യാപകർക്കും പ്രമോഷൻ ലഭിക്കുന്നതിന് കെ.ടെറ്റ് പാസാക്കേണ്ടതില്ല എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് എനിക്ക് കെ.ഇ.ആർ ചട്ട പ്രകാരം കെ.ടെറ്റ് പാസാകാതെ തന്നെ പ്രമോഷൻ നൽകിയത് അതിനുശേഷം ഞാൻ 01/06/2022 -ൽ കെ.ടെറ്റ് കാറ്റഗറി II പാസായിട്ടുണ്ട്. കെ.ടെറ്റ് കാറ്റഗറി III പാസാകാൻ കഴിഞ്ഞില്ല. കൂടാതെ 31/03/2020 വരെ നിയമനം ലഭിച്ചവർക്ക് സർക്കാർ കെ.ടെറ്റ് പാസാക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

09/08/2018-ലെ സർക്കാർ പരിപത്രത്തിൽ 31/03/2012 -ന് മുൻപുള്ള എല്ലാ അനധ്യാപകരെയും കെ.ടെറ്റിൽ നിന്നും ഒഴിവാക്കിയ ശേഷം 15/08/2018 -ലെ 1750/2018 നമ്പർ ഉത്തരവിൽ ഫുൾടൈം മീനിയൽ വരെയുള്ള എയ്ഡഡ് സ്കൂൾ അനധ്യാപകരെ കാറ്റഗറി തിരിച്ച് ഒഴിവാക്കിയതിനാൽ 23/01/2006 -ൽ പാർട്ട് ടൈം മീനിയലായി നിയമനം ലഭിച്ച ഞാൻ ഉൾപ്പെടാത്തതിനാൽ കെ.ഇ.ആർ ചട്ടം 43 പ്രകാരം പ്രമോഷൻ ലഭിച്ച ഞാൻ കെ.ടെറ്റ് III പാസാക്കുന്നതിന് ഇളവ് ലഭ്യമാക്കുന്നില്ല.

ആയതിനാൽ 10/05/2018-ലെ 1750/2018 നമ്പർ ഉത്തരവിൽ അധ്യാപക ജോലിക്ക് യോഗ്യത നേടിയ 31/03/2012 -ന് മുൻപ് നിയമന അംഗീകാരം ലഭിച്ച അനധ്യാപകരിൽ പാർട്ട് ടൈം മീനിയൽ വിഭാഗത്തെ കൂടി ഉൾപ്പെടുത്തി കെ.ടെറ്റ് പാസാകുന്നതിൽ ഇളവ് അനുവദിച്ച് എന്റെ എച്ച്.എസ്.ടി പ്രമോഷൻ അംഗീകാരം ലഭിക്കുന്നതിന് സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

4. <u>ശ്രീമതി അശ്വതി നടരാജന്റെ വാദങ്ങൾ:-</u>

എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എസ്.എൻ.ടി എച്ച്.എസ്.എസ് പുനലൂർ സ്കൂളിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി അംഗീകാരത്തോടെ ജോലിയിൽ തുടരവെ (1.8.2019 മുതൽ) 2022-23 -ലെ തസ്തിക നിർണ്ണയത്തിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തിക നഷ്ടപ്പെടുകയും 51 എ അവകാശി എന്ന നിലയ്ക്ക് ഇതേ മാനേജ്മെന്റിനു കീഴിലെ ചെമ്പഴന്തി എസ്.എൻ ജി.എച്ച്.എസ്.എസ്സിൽ 22.8.2022 മുതൽ ശ്രീമതി. ശ്രീവിദ്യ. സി.വി യു.പി.എസ്.ടി -യുടെ 1.8.2022 മുതൽ എച്ച്.എസ്.ടി നാചറൽ സയൻസ് ആയി നാട്ടികയിൽ നിയമിച്ച സ്ഥാനക്കയറ്റ ഒഴിവിൽ നിയമിക്കുകയും ചെയ്തു. 22.8.2022 മുതൽ യു.പി.എസ്.ടി ആയി തുടരുമ്പോൾ സർക്കാരിന്റെ ജെ2/196/2021/ പൊ.വി.വ കത്തിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് തസ്തിക നഷ്ടപ്പെട്ട് പുറത്തായ അദ്ധ്യാപിക എന്ന നിലയിൽ പുനലൂർ എസ്.എൻ.എൻ.ടി. എച്ച്.എസ്.എസ്സിലേക്ക് എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി 1.2.2023 മുതൽ മാറ്റി നിയമിക്കുകയാണ് ചെയ്തത്. ഞാൻ ചെമ്പഴന്തി സ്കൂളിൽ യു.പി.എസ്.ടി ആയി ജോലി ചെയ്ത 22.8.2022 മുതൽ 31.1.2023 വരെയുള്ള കാലയളവിലെ സാമ്പത്തിക ആനുകൂല്യം സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ശ്രീവിദ്യ.സി.വി -യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചില്ല എന്ന കാരണത്താൽ തടഞ്ഞിരിക്കുകയാണ്. ശ്രീമതി. സി.വി ശ്രീവിദ്യയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപേക്ഷ ഇപ്പോൾ സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ചെമ്പഴന്തി സ്കൂളിൽ യു.പി.എസ്.ടി ആയി 22/08/2022 മുതൽ

31/01/2023 വരെയുള്ള ജോലി ചെയ്ത കാലയളവിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ശ്രീമതി. ശ്രീവിദ്യ.സി.വി -യുടെ അപേക്ഷയിന്മേൽ ഉത്തരവ് പുറപ്പെടുവിച്ച് ടി കാലയളവിലെ ശമ്പളം ലഭ്യമാക്കാൻ നടപടിയുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

5. <u>ശ്രീമതി സിനി.എസ്. -ന്റെ വാദങ്ങൾ:-</u>

എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എസ്.എൻ.ടി എച്ച്.എസ്.എസ് പുനലൂരിൽ റൂൾ 51 ബി അവകാശിയായ എന്നെ മാനേജർ 16-12-2021 മുതൽ എച്ച്.എസ്.ടി മലയാളം ആയി ശ്രീ. പ്രസാദ്.എൻ. എച്ച്.എസ്.ടി മലയാളം 14-9-2021 -ന് മരണപ്പെട്ട ഒഴിവിൽ നിയമിക്കുകയും പ്രസ്തുത നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ B4/42997/2022 തീയതി 5-1-2023 പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ടി സ്കൂളിൽ തുടരവെ ഇതേ മാനേജ്മെന്റിന് കീഴിലെ മെഴുവേലി സ്കൂളിൽ ഒരു എച്ച്.എസ്.ടി മലയാളം തസ്തിക 2022-23 -ലെ തസ്തിക നിർണയ ഉത്തരവിൽ കുറവു വന്നതിനാൽ തങ്കം എന്ന എച്ച്.എസ്.ടി മലയാളം അധ്യാപികയെ നിലനിർത്താൻ ഏറ്റവും ജൂനിയർ എന്ന നിലയിൽ ഞാൻ പുറത്താകുകയുണ്ടായി. കെ.ഇ.ആർ ചാപ്റ്റർ XIVA റൂൾ 51 എ അവകാശിയും സംരക്ഷണത്തിന് അർഹതയില്ലാത്തയാളും എന്ന നിലയ്ക്ക് ഇതേ മാനേജ്മെന്റിന് കീഴിലെ ചെമ്പഴന്തി എസ്.എൻ.ജി എച്ച്.എസ്.എസ്സിൽ ശ്രീമതി. ശ്രീവിദ്യ സി.വി -യുടെ സ്ഥാനക്കയറ്റ ഒഴിവിൽ യു.പി.എസ്.ടി ആയി ജോലി നോക്കി വരുന്നതും പുനലൂർ എസ്.എൻ.ടി എച്ച്.എസിൽ നിന്നും എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തിക നഷ്ടപ്പെട്ട് പുറത്തായപ്പോൾ 22-8-2022 മുതൽ 31.3.2023 വരെ ജോലി നോക്കി വരുന്ന അധ്യാപികയുമായ ശ്രീമതി. അശ്വതി നടരാജനെ യു.പി.എസ്.ടി തസ്തികയിൽ നിന്നും 21-1-2023 -ലെ സർക്കാരിന്റെ ജെ 2/196/2021/ പൊ.വി.വ കത്തിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് തസ്തിക നഷ്ടപ്പെട്ട് പുറത്തായ ആളെന്ന നിലയിൽ പുനലൂർ എസ്.എൻ.ടി എച്ച്.എസ്.എസ്സിലേക്ക് എച്ച്.എസ്.ടി ഇംഗ്ലീഷ് ആയി മാറ്റി നിയമിച്ചതുമൂലമുണ്ടായ ഒഴിവിൽ എന്നെ 01/02/2023 മുതൽ യു.പി.എസ്.ടി ആയി നിയമിച്ച് തുടർന്ന് ജോലി ചെയ്തു വരികയാണ്. ശ്രീമതി. സി.വി ശ്രീവിദ്യയുടെ നാട്ടിക എസ്.എൻ.ടി എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി (എൻ.എസ്) ആയുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചാൽ മാത്രമേ എന്റെ നിയമനം അംഗീകരിക്കാൻ കഴിയൂ എന്നാണ് അറിയാൻ കഴിഞ്ഞത്. എന്റെ നിയമന പ്രൊപ്പോസൽ ഇപ്പോൾ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിഗണനയിലാണ്. ശ്രീമതി. ശ്രീവിദ്യ.സി.വി -യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. 01/02/2023 മുതൽ ശമ്പളമില്ലാതെ ജോലി നോക്കുന്ന എന്റെ നിയമനം അംഗീകരിച്ചു കിട്ടാൻ നടപടിയുണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

6.<u>വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-</u>

<u>ശ്രീമതി. അശ്വതി നടരാജൻ.</u>

ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ്. -ലെ യു.പി.എസ്.ടി. ശ്രീമതി. സി.വി. ശ്രീവിദ്യയെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) ആയി നാട്ടിക എസ്.എൻ.ടി. എച്ച്.എസ്. -ൽ നിയമിച്ചതു മൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി. അശ്വതി നടരാജനെ യു.പി.എസ്.ടി. ആയി 22.08.2022 മുതൽ പുനർനിയമനം നല്കി നിയമിച്ചിട്ടുള്ളത്. 15/07/2021

തീയതിയിൽ എഫ്.ടി.എം. തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി യു.പി.എസ്.ടി. ആയി നിയമിച്ച ശ്രീമതി. സി.വി. ശ്രീവിദ്യയുടെ യു.പി.എസ്.ടി. തസ്തികയിലെ നിയമനം ടിയാന് ചട്ടപ്രകാരം നിർബന്ധിതമായ കെ.ടെറ്റ് കാറ്റഗറി II യോഗ്യതയില്ല, ചട്ടം 43 അവകാശികളുടെ സീനിയോറിറ്റി പട്ടിക മാനേജർ സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിരസിച്ചിരുന്നു. ടി നിയമനം അംഗീകരിക്കുന്നതിന് മുമ്പാണ് ശ്രീമതി. സി.വി. ശ്രീവിദ്യയെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) ആയി നിയമിച്ചിരുന്നത്. ആയതിനാൽ ശ്രീമതി. അശ്വതി നടരാജനെ യു.പി.എസ്.ടി. ആയി നിയമിച്ചിരിക്കുന്ന ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലാണ് നിരസിച്ച നൽകിയിരിക്കുന്നത്.

23.03.2006 മുതൽ പി.ടി.സി.എം. സർവ്വീസ് ഉള്ള ശ്രീമതി. സി.വി. ശ്രീവിദ്യയെ എഫ്.ടി.എം.(ഫുൾ ടൈം മീനിയൽ) ആയി സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് യു.പി.എസ്.ടി. ആയി സ്ഥാനക്കയറ്റം നൽകി 15.07.2021 മുതൽ ശ്രീമതി. ഗീത കുമാരിയുടെ 30.04.2020 -ലെ വിരമിക്കൽ ഒഴിവിലാണ് നിയമിച്ചിരുന്നത്. ടിയാന് കെ.ടെറ്റ് യോഗ്യത ഇല്ലാത്തതിനാലാണ് നിരസിച്ചിട്ടുള്ളത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അപ്പലേറ്റ് ഉത്തരവിൽ 31.03.2012 മുമ്പ് സേവനത്തിൽ പ്രവേശിച്ച അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സ്ഥാനകയറ്റം ലഭിക്കുമ്പോൾ കെ.ടെറ്റ് യോഗ്യത ബാധകം ആക്കേണ്ട എന്ന് വ്യക്തമാക്കിയതിനാൽ ചട്ടം 43 അവകാശിയായ ശ്രീമതി. സി.വി. ശ്രീവിദ്യയുടെ യു.പി.എസ്.ടി. സ്ഥാനകയറ്റ നിയമനം 15/07/2021 മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അപ്പലേറ്റ് ഉത്തരവിന്റെയും മാനേജർ നൽകിയിട്ടുള്ള സത്യപ്രസ്താവനകളുടെയും അടിസ്ഥാനത്തിൽ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. സി.വി. ശ്രീവിദ്യയുടെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) സ്ഥാനക്കയറ്റ നിയമനം ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി. അശ്വതി നടരാജനെ നിയമിച്ചിരിക്കുന്ന യുപി.എസ്.ടി. തസ്തിക സ്ഥാപിതമായിട്ടില്ല. ആയതിനാൽ നിലവിൽ ശ്രീമതി. അശ്വതി നടരാജന്റെ യു.പി.എസ്.ടി നിയമനം സംബന്ധിച്ച അപ്പീലിന്മേൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല എന്ന വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീമതി. സിനി എസ്.</u>

ശ്രീമതി. സി.വി. ശ്രീവിദ്യ യു.പി.എസ്.ടി. -യെ എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) ആയി 01.08.2022 മുതൽ നാട്ടിക എസ്.എൻ.ടി.എച്ച്.എസ്. -ൽ നിയമിച്ച ഒഴിവിലാണ് പുനലൂർ എസ്.എൻ ട്രസ്റ്റിൽ 2022-23 വർഷം എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക നഷ്ടം വന്നതിനെ തുടർന്ന് ശ്രീമതി. അശ്വതി നടരാജനെ 22.08.2022 മുതൽ യു.പി.എസ്.ടി. ആയി ചെമ്പഴന്തി എസ്.എൻ. ജി.എച്ച്.എസ്. -ൽ നിയമിച്ചിട്ടുള്ളത്. ശ്രീമതി. സി.വി. ശ്രീവിദ്യയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടിലാത്തതിനാൽ ശ്രീമതി.. അശ്വതി നടരാജന്റെ യുപി.എസ്.ടി. നിയമനം അംഗീകരിച്ചിട്ടില്ല. 21.01.2025 -ലെ ജെ.2/8196/2021/പൊ.വി.വ. പ്രകാരം തസ്തിക നഷ്ടം വന്ന് പുറത്തായ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അദ്ധ്യാപകരെ അതാത് സ്കൂളുകളിൽ നിലനിർത്തുവാൻ നിർദ്ദേശം വന്നതിനെ തുടർന്ന് ശ്രീമതി. അശ്വതി നടരാജനെ പുനലൂർ എസ്.എൻ ട്രസ്റ്റിലേക്ക് എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. മെഴുവേലി പി.എച്ച്.എസ്. -ൽ എച്ച്.എസ്.ടി (മലയാളം) തസ്തിക നഷ്ടം വന്നതിനെ തുടർന്ന് സീനിയർ അവകാശിയായ ശ്രീമതി. തങ്കത്തിനെ പുനലൂർ എസ്.എൻ ട്രസ്റ്റിൽ നിലനിർത്തിയതിനാൽ 16.12.2021 മുതൽ എച്ച്.എസ്.ടി. (മലയാളം) ആയി നിയമനാംഗീകാരം ലഭിച്ച ജൂനിയർ അദ്ധ്യാപികയായ

ശ്രീമതി. സിനി എസ്. -നെ യു.പിഎസ്.ടി. ആയി ശ്രീമതി. അശ്വതി നടരാജനെ പുനലൂർ എസ്.എൻ ട്രസ്റ്റിലേയ്ക്ക് മാറ്റി നിയമിച്ച ഒഴിവിൽ 01.02.2023 മുതലാണ് ചെമ്പഴന്തി എസ്.എൻ.ജിഎച്ച്.എസ്. -ൽ നിയമിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി. സി.വി. ശ്രീവിദ്യ യു.പി.എസ്.ടി. -യെ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) ആയി 01.08.2022 മുതൽ നാട്ടിക എസ്.എൻ.ടി.എച്ച്.എസ്. -ൽ നിയമിച്ചത് അംഗീകരിച്ചാൽ മാത്രമേ ചെമ്പഴന്തി എസ്.എൻ.ജി. എച്ച്.എസ്. -ൽ ശ്രീമതി. സിനി എസ്. -നെ ഉൾക്കൊള്ളുവാൻ യു.പി.എസ്.ടി. തസ്തിക സ്ഥാപിതമാകുകയുള്ളൂ. ഒഴിവ് വ്യവസ്ഥാപിതമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത നിയമനം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന വിവരം അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അറിയിച്ചുകൊള്ളുന്നു.

<u>7. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.</u> എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ അധ്യാപകരായ ശ്രീമതി സി.വി ശ്രീവിദ്യ, ശ്രീമതി അശ്വതി നടരാജൻ, ശ്രീമതി സിനി.എസ് എന്നിവരുടെ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകണമെന്നതാണ് ഹർജിക്കാരുടെ ആവശ്യം.

8. ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ് -ലെ യു.പി.എസ്.ടി ആയ ശ്രീമതി സി.വി.ശ്രീവിദ്യയെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി (നാചറൽ സയൻസ്) ആയി നാട്ടിക എസ്.എൻ.ടി.എച്ച്.എസ് -ൽ നിയമിച്ചതു മൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി അശ്വതി നടരാജനെ യു.പി.എസ്.ടി ആയി 22/08/2022 മുതൽ പുനർ നിയമനം നൽകി നിയമിച്ചിട്ടുള്ളത്. 15/07/2021 തീയതിയിൽ എഫ്.ടി.എം. തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി യു.പി.എസ്.ടി. ആയി നിയമിച്ച ശ്രീമതി സി.വി.ശ്രീവിദ്യയുടെ യു.പി.എസ്.ടി. തസ്തികയിലെ നിയമനം ടിയാരിക്ക് കെ- ടെറ്റ് കാറ്റഗറി - II യോഗ്യതയില്ല, ചട്ടം 43 അവകാശികളുടെ സീനിയോറിറ്റി പട്ടിക മാനേജർ സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിരസിച്ചിരുന്നു. ടി നിയമനം അംഗീകരിക്കുന്നതിന് മുമ്പാണ് ശ്രീമതി. സി.വി.ശ്രീവിദ്യയെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി (നാചറൽ സയൻസ്) ആയി നിയമിച്ചിരുന്നത്. ആയതിനാൽ ശ്രീമതി. അശ്വതി നടരാജനെ യു.പി.എസ്.ടി ആയി നിയമിച്ചിരിക്കുന്ന ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലാണ് നിരസിച്ചു നൽകിയിട്ടുള്ളത്.

9. 23/03/2006 മുതൽ പി.ടി.സി.എം സർവ്വീസ് ഉള്ള ശ്രീമതി. സി.വി. ശ്രീവിദ്യയെ എഫ്.റ്റി.എം. ആയി സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് ടിയാരിയെ യു.പി.എസ്.ടി. ആയി സ്ഥാനക്കയറ്റം നൽകി 15/07/2021 മുതൽ ശ്രീമതി ഗീത കുമാരിയുടെ 30/04/2020- ലെ വിരമിക്കൽ ഒഴിവിലാണ് നിയമിച്ചിരുന്നത്. ടിയാരിക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാലാണ് അംഗീകാരം നിരസിച്ചിട്ടുള്ളത്. എന്നാൽ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ 31/03/2012 -ന് മുമ്പ് സേവനത്തിൽ പ്രവേശിച്ച അധ്യാപകർക്കും, അനദ്ധ്യാപകർക്കും സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ കെ.ടെറ്റ് യോഗ്യത ബാധകമാക്കേണ്ട എന്ന് വ്യക്തമാക്കിയതിനാൽ ചട്ടം 43 അവകാശിയായ ശ്രീമതി സി.വി. ശ്രീവിദ്യയുടെ യു.പി.എസ്.ടി സ്ഥാനക്കയറ്റ നിയമനം 15/07/2021 മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെയും മാനേജർ നൽകിയ സത്യപ്രസ്ഥാവനകളുടെയും അടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീമതി. സി.വി. ശ്രീവിദ്യയുടെ എച്ച്.എസ്.ടി (നാചറൽ

സയൻസ്) സ്ഥാനക്കയറ്റ നിയമനം ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി അശ്വതി നടരാജനെ നിയമിച്ചിരിക്കുന്ന യു.പി.എസ്.ടി തസ്തിക സ്ഥാപിതമായിട്ടില്ല.

10. ശ്രീമതി സി.വി. ശ്രീവിദ്യ, യു.പി.എസ്.ടി -യെ എച്ച്.എസ്.ടി (നാച്വറൽ സയൻസ്) ആയി 01/08/2022 മുതൽ നാട്ടിക, എസ്.എൻ.ടി. എച്ച്.എസ് -ൽ നിയമിച്ച ഒഴിവിലാണ് പുനലൂർ എസ്.എൻ. ട്രസ്റ്റിൽ 2022-23 വർഷം എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക നഷ്ടം വന്നതിനെ തുടർന്ന് ശ്രീമതി അശ്വതി നടരാജനെ 22/08/2022 മുതൽ യു.പി.എസ്.ടി ആയി ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ്-ൽ നിയമിച്ചിട്ടുള്ളത്. ശ്രീമതി സി.വി. ശ്രീവിദ്യയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി അശ്വതി നടരാജന്റെ യു.പി.എസ്.ടി നിയമനം അംഗീകരിച്ചിട്ടില്ല. 21/01/2023-ലെ ജെ2/8196/2021 പൊ.വി.വ. പ്രകാരം തസ്തിക നഷ്ടം വന്ന് പുറത്തായ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അധ്യാപകരെ അതത് സ്കൂളുകളിൽ നിലനിർത്തുവാൻ നിർദേശം നൽകിയതിനെ തുടർന്ന് ശ്രീമതി അശ്വതി നടരാജനെ പുനലൂർ എസ്.എൻ. ട്രസ്റ്റിലേക്ക് എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലേക്ക് മാറ്റി നിയമിച്ചിരുന്നു. മെഴുവേലി പി.എച്ച്.എസ്-ൽ എച്ച്.എസ്.ടി. (മലയാളം) തസ്തിക നഷ്ടം വന്നതിനെ തുടർന്ന് സീനിയർ അവകാശിയായ ശ്രീമതി തങ്കത്തിനെ പുനലൂർ എസ്.എൻ ട്രസ്റ്റിൽ നിലനിർത്തിയതിനാൽ 16/12/2021 മുതൽ എച്ച്.എസ്.ടി. (മലയാളം) ആയി നിയമനാംഗീകാരം ലഭിച്ച ജൂനിയർ അധ്യാപികയായ ശ്രീമതി സിനി എസ്-നെ യു.പി.എസ്.ടി. ആയി ശ്രീമതി അശ്വതി നടരാജനെ പുനലൂർ എസ്.എൻ. ട്രസ്റ്റിലേക്ക് മാറ്റി നിയമിച്ച ഒഴിവിൽ 01/02/2023 മുതലാണ് ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ്-ൽ നിയമിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി സി.വി. ശ്രീവിദ്യയെ എച്ച്.എസ്.ടി (നാച്വറൽ സയൻസ്) ആയി 01/08/2022 മുതൽ നാട്ടിക എസ്.എൻ.ടി.എച്ച്.എസ്-ൽ നിയമിച്ചത് അംഗീകരിച്ചാൽ മാത്രമേ ചെമ്പഴന്തി എസ്.എൻ.ജി.എച്ച്.എസ്-ൽ ശ്രീമതി. സിനി എസ്-നെ ഉൾക്കൊള്ളുവാൻ യു.പി.എസ്.ടി. തസ്തിക വ്യവസ്ഥാപിതമാകുകയുള്ളൂ.

11. ശ്രീമതി സി.വി. ശ്രീവിദ്യ 23/01/2006 മുതൽ പി.ടി.സി.എം ആയി തുടർന്നിരുന്ന ജീവനക്കാരിയാണ്. ടിയാരി എഫ്.ടി.എം ആകുന്നത് 01/07/2020 മുതലാണ്. 31/03/2012 -ന് മുൻപ് സർവീസിൽ പ്രവേശിച്ച എഫ്.ടി.എം ജീവനക്കാർക്ക് മാത്രമേ കെ.ടെറ്റ് യോഗ്യത നേടുന്നതിന് സ്ഥിരമായ ഇളവ് അനുവദിച്ചിട്ടുള്ളൂ എന്നതാണ് ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ശ്രീവിദ്യയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് ഉന്നയിച്ചിട്ടുള്ള തടസ്സവാദം.

12. 09/03/2018 -ലെ സർക്കാർ പരിപത്രം നം. ജെ3/1866829/17/പൊ.വി.വ പ്രകാരം 31/03/2012 മുൻപ് സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്കും അനധ്യാപകർക്കും സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ കെ.ടെറ്റ് പാസ്സാകണമെന്ന നിർബന്ധമില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ 31/03/2012 -ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച അനധ്യാപക തസ്തികകളായ ക്ലർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡന്റ്/ഓഫീസ് അറ്റൻഡന്റ് എന്നിവർക്കും എഫ്.ടി.എം കാർക്കും നൽകിയിട്ടുള്ള കെ-ടെറ്റ് നേടുന്നതിനുള്ള ഇളവ് 31/03/2012 -ന് മുമ്പ് പാർടൈം മീനിയൽ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് നൽകിയിട്ടില്ല. ശ്രീമതി സി.വി. ശ്രീവിദ്യ എഫ്.ടി.എം. ആകുന്നത് 01/07/2020 മുതലാണ്. ആയതിനാൽ തന്നെ മേൽ ഇളവ് ടിയാരിക്ക് ബാധകമാക്കാനാകില്ല.

13. കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി സിവിൽ അപ്പീൽ നം. 1385/2025 ൽ 01.09.2025 ന വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം 31/03/2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച അധ്യാപക അനദ്ധ്യാപക തസ്തികകളിലെ ജീവനക്കാർക്ക് കെ-ടെറ്റ് ആവശ്യമില്ല എന്ന് നൽകിയിരുന്ന ഇളവുകൾ ഒന്നും തന്നെ തുടരാൻ സാധിക്കുകയില്ല.

14. 31/03/2012-ന് മുൻപ് സേവനത്തിൽ പ്രവേശിച്ച പാർട്ട്ടൈം മീനിയൽ ജീവനക്കാർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിൽ ഇളവ് നൽകണമെന്നും ശ്രീമതി ശ്രീവിദ്യയുടെ നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച ഹർജി 21.10.2025-ലെ സ.ഉ.(സാധ) നം.8692/2025/പൊവിവ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. ശ്രീമതി ശ്രീവിദ്യയുടെ എച്ച്.എസ്.ടി. തസ്തികയിലെ നിയമനം അംഗീകരിക്കാത്തിനാൽ തന്നെ ടിയാളുടെ പ്രൊമോഷൻ തസ്തികയിൽ നിയമിച്ച ശ്രീമതി സിനി എസ്., ശ്രീമതി അശ്വതി നടരാജൻ എന്നിവർക്കും തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ നിയമനാംഗീകാരം നൽകുവാൻ സാധിക്കില്ല.

15. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

16. മേൽപ്രകാരം എസ്.എൻ ട്രസ്റ്റ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

ശ്രീ. വെള്ളാപ്പള്ളി നടേശൻ, മാനേജർ, എസ്.എൻ. ട്രസ്റ്റ് സ്കൂൾസ്.
ശ്രീമതി അശ്വതി നടരാജൻ, യു.പി.എസ്.റ്റി., എസ്.എൻ.ജി. എച്ച്.എസ്.എസ്. ചെമ്പഴന്തി.
ശ്രീമതി സിനി എസ്., യു.പി.എസ്.റ്റി., എസ്.എൻ.ജി. എച്ച്.എസ്.എസ്. ചെമ്പഴന്തി.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/83/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 28-01-2026 09:46:44
സെക്ഷൻ ഓഫീസർ